**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4247** **28-06-2024 - ൽ മറുപടിയ്ക്ക്**

**നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള ഭൂമികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമികളുടെ വിശദവിവരങ്ങൾ ഇനവും അളവുകളും തിരിച്ച് വിശദമാക്കാമോ; | (എ) | നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമികളുടെ വിശദവിവരങ്ങൾ അടങ്ങുന്ന ആസ്തി രജിസ്റ്ററിന്റെ ഭാഗത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഭൂമിയിൽ കുളം എന്ന ഇനത്തിൽ രേഖപ്പെടുത്തിയവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമിയിൽ കുളം എന്ന് രേഖപ്പെടുത്തിയവ (1) ഇരുകുളം (2) മനക്കുളം (3) കുണ്ടൂർകുളം (4) നെല്ലിശ്ശേരി കുളം (5) പാലറമ്പ് കുളം എന്നിവയാണ്. |
| (സി) | പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്ക് വേണ്ടിയോ പതിച്ച് നൽകുകയോ തരം മാറ്റി നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | പഞ്ചായത്ത് രേഖകൾ പ്രകാരം പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പതിച്ചു നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഭൂമിയിൽ പൊതു തോടുകൾ എന്ന ഇനത്തിൽപ്പെടുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഭൂമി എന്ന ആസ്തി തരത്തിൽ തോടുകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇറിഗേഷൻ എന്ന ആസ്തി തരത്തിൽ 1) കാടാംകുന്ന് ഉള്ളന്താർ തോട് 2) പച്ചായിതാഴം തോട് 3) കോട്ടായി പന്തിരായി തോട് 4) തോട്ടുംമ്പുറം തോട്ടിന്റെ കൈത്തോട് എന്നീതോടുകൾ ഉൾപ്പെടുത്തിക്കാണുന്നു |

സെക്ഷൻ ഓഫീസർ